"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ.- കുടുംബശ്രീ- ജീവനക്കാര്യം- ശ്രീമതി.ഗ്രേസി.പി.എ (എൽ.ഡി.ടൈപ്പിസ്റ്റ്, സ്റ്റേഷണറി കൺട്രോളറുടെ കാര്യാലയം,തിരുവനന്തപുരം) കുടുംബശ്രീ ആലപ്പുഴ ജില്ലാമിഷനിലെഅന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്**

**സ.ഉ.(സാധാ) നം.1061/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 05/06/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 27.02.2017-ലെ സ.ഉ(സാധാ)നം.546/2017/തസ്വഭവ.

4 17.03.2018-ലെ സ.ഉ(സാധാ)നം.730/2018/തസ്വഭവ.

5 30.11.2019-ലെ സ.ഉ(സാധാ)നം.2711/2019/തസ്വഭവ.

6 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.02.2020-ലെ 2371/ഇ1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

ശ്രീമതി.ഗ്രേസി. പി.എ.-യെ (എൽ.ഡി ടൈപ്പിസ്റ്റ്, സ്റ്റേഷണറി കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം) കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4), (5) പ്രകാരം ടിയാരിയുടെ അന്യത്രസേവനം 29/02/2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. പ്രസ്തുത അന്യത്രസേവന കാലാവധി 29/02/2020 -ൽ അവസാനിച്ച സാഹചര്യത്തിൽ 01/03/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ടി സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (6) -ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷനിൽ ഓഫിസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ശ്രീമതി. ഗ്രേസി. പി.എ-യുടെ (എൽ.ഡി ടൈപ്പിസ്റ്റ്, സ്റ്റേഷണറി കൺട്രോളറുടെ കാര്യാലയം, തിരുവനന്തപുരം) അന്യത്രസേവന കാലം, കേരള സർവ്വീസ് റൂൾസ് ഭാഗം-I ചട്ടം140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/03/2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീമതി. ഗ്രേസി.പി.എ.(സ്റ്റേഷനറി കൺട്രോളർ മുഖേന)
സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ